**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 605** **28-06-2022 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിന് വ്യവസായ വകുപ്പിന് എന്ത് പദ്ധതിയാണ് ഉള്ളത്; വിശദമാക്കാമോ; | (എ) | സർക്കാർ 2022-23 സംരംഭകത്വ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം എന്ന പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിലെ പ്രത്യേക പദ്ധതികളുടെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 1,140 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ കരട് മാർഗ്ഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചുവരുന്നു. ടി പദ്ധതി പ്രകാരം നിലവിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ആയതിന്റെ സ്കെയിൽ അപ്പിനായി പിന്തുണ നൽകുക എന്നുള്ളതാണ് ലക്ഷ്യമിടുന്നത്. നിക്ഷേപത്തിന്റെയോ വിറ്റു-വരവിന്റെയോ അടിസ്ഥാനത്തിൽ സ്കെയിൽ ഉയർത്താൻ ഉദ്ദേശിക്കുന്ന ഏതൊരു നിർമ്മാണ/സേവന വ്യവസായത്തിനും ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നതാണ്. |
| (ബി) | നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിന് വ്യവസായവകുപ്പ് എന്ത് സഹായം നൽകിവരുന്നു; വിശദമാക്കാമോ; | (ബി) | നിലവിലുള്ള എം.എസ്.എം.ഇ.കളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു പുതിയ പദ്ധതി ഈ വർഷത്തെ ബഡ്ജറ്റിലെ പ്രത്യേക പദ്ധതികളുടെ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി 230 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള കരട് മാർഗരേഖ വകുപ്പുതല വർക്കിംഗ് കമ്മിറ്റി പരിശോധിച്ചുവരുന്നു. കയറ്റുമതിക്ക് ആവശ്യമായ പശ്ചാത്തല വികസനത്തിനും, വിവിധ ദേശീയ അന്തർദേശീയ പ്രദർശന മേളകളിൽ പങ്കെടുക്കുന്നതിനും, ഉപഭോക്താക്കൾക്ക് സാമ്പിളുകൾ എത്തിച്ചു നൽകുന്നതിനും, വിവിധ സർട്ടിഫിക്കേഷനുകൾ |

| | | | |
|---|---|---|---|
| | | | എടുക്കുന്നതിനും സഹായം നൽകുന്നതിനും വിഭാവനം ചെയ്യുന്നു. |
| (സി) | സ്വകാര്യ വ്യവസായ പാർക്കുകൾ കേരളത്തിൽ എവിടെ എല്ലാം ഉണ്ട്; ജില്ല തിരിച്ച് വിശദവിവരം നൽകാമോ; | (സി) | നിലവിൽ സ്വകാര്യ വ്യവസായ പാർക്കുകൾ ഇല്ല. സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി-2022, GO(Ms) No.31/2022/ID തീയതി 2/04/2022 സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ഇവയുടെ പ്രോത്സാഹനത്തിനായി വ്യാവസായിക വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ച് വരുന്നു; വിശദമാക്കാമോ? | (ഡി) | സ്വകാര്യ വ്യവസായ എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിൽ ഡെവലപ്പർക്ക് സൗകര്യം ഒരുക്കാൻ സർക്കാർ ധനസഹായം നൽകുന്നു. വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ഇ.ടി.പി/ സി.ഇ.ടി.പി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നതാണ്.<br><br>കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്, ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഡെവലപ്പ്മെന്റ് റൂൾസ് 2019 എന്നിവയിൽ വിഭാവനം ചെയ്യുന്ന മുഴുവൻ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ